## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2510 07.10.2016-ൽ മറുപടിയ്ക്ക്

### പഞ്ചായത്തുകളിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച്

**ചോദ്യം** **ഉത്തരം**

**ശ്രീ. പി. ഉബൈദുള്ള** **ശ്രീ. കെ.ടി. ജലീൽ**

**(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| ക്രമ നമ്പർ | ചോദ്യം | ക്രമ നമ്പർ | ഉത്തരം |
|---|---|---|---|
| (എ) | പഞ്ചായത്തുകളിൽ സെക്രട്ടറി, അസി.സെക്രട്ടറി, അസി. എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം ഉണ്ടായിട്ടുള്ള ഭരണ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സെക്രട്ടറി തസ്തിക ഒഴിഞ്ഞു കിടക്കുന്ന ഗ്രാമപഞ്ചായത്തുകളിലെ പ്രവർത്തനങ്ങൾക്ക് തടസ്സം വരാതിരിക്കാൻ അസിസ്റ്റന്റ് സെക്രട്ടറിക്കോ, ജൂനിയർ സൂപ്രണ്ടിനോ, ഹെഡ് ക്ലാർക്കിനോ സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല നൽകി ഉത്തരവാകാറുണ്ട്. അതിനാൽ പ്രതിസന്ധി ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>എന്നാൽ, അസിസ്റ്റന്റ് എഞ്ചിനീയർ. ഓവർസീയർ എന്നീ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം പ്രതിസന്ധി ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത തസ്തികകളിലെ നിലവിലുള്ള ഒഴിവുകളുടെ കണക്കുകൾ വിശദീകരിക്കാമോ; | (ബി) | **ഒഴിവുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.** |

| | |
|---|---|
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 178 |
| അസിസ്റ്റന്റ് സെക്രട്ടറി | 57 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 91 |
| ഒന്നാംതരം ഓവർസീയർ | 222 |
| രണ്ടാംതരം ഓവർസീയർ | 32 |
| മൂന്നാംതരം ഓവർസീയർ | 367 |

| | | | |
|---|---|---|---|
| (ബി) | പ്രോജക്റ്റുകൾക്ക് അംഗീകാരം നേടി നടപ്പാക്കേണ്ട സമയത്ത് തന്നെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ അഭാവംമൂലം ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ; | (സി) | പഞ്ചായത്തുകളിൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതുമൂലം പ്രതിസന്ധി ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>അസിസ്റ്റന്റ് എഞ്ചിനീയർ, ഒന്നാംതരം ഓവർസീയർ, രണ്ടാംതരം ഓവർസീയർ എന്നീ തസ്തികകളുടെ എഴുത്തു പരീക്ഷ പി.എസ്.സി. നടത്തിയിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. മൂന്നാംതരം ഓവർസീയർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും എഴുത്തു പരീക്ഷ കഴിയാത്തതിനാൽ പി.എസ്.സി. ലിസ്റ്റ് നിലവിൽ വരാൻ കാലതാമസം ഉണ്ടാകുമെന്ന് കരുതുന്നു. ആയതിനാൽ മൂന്നാംതരം ഓവർസീയർമാരുടെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ, ദിവസവേതനാടിസ്ഥാനത്തിലോ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | നിലവിൽ 11 ജില്ലകളിൽ ഡി.ഡി.പി. മാരും 7 ജില്ലകളിൽ എ.ഡി.പി. മാരും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ നിയമിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ഡി) | ഡി.ഡി.പി. തസ്തികയിൽ ഒഴിവുകൾ ഉള്ള ജില്ലകളിൽ എ.ഡി.പി.മാർക്കും, എ.ഡി.പി.-മാർ ഇല്ലാത്ത ജില്ലകളിൽ സീനിയറായ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ-മാർക്കും യഥാക്രമം ഡി.ഡി.പി., എ.ഡി.പി. തസ്തികകളുടെ പൂർണ്ണ അധിക ചുമതല നൽകി ഉത്തരവായിട്ടുണ്ട്. അപ്രകാരം ചുമതല നിർവ്വഹിച്ചു വരുന്നു.<br><br>പഞ്ചായത്ത് വകുപ്പിലെ എല്ലാ വിഭാഗത്തിലും ഉൾപ്പെട്ട ജീവനക്കാരുടെ 2010-ൽ പ്രസിദ്ധീകരിച്ചിരുന്ന സീനിയോറിറ്റി ലിസ്റ്റുകൾ 2014-ൽ റദ്ദാക്കുകയും പുതിയ സീനിയോറിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരി-ക്കുകയും ചെയ്തിരുന്നു. ഇതു സംബന്ധിച്ച ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിരുന്ന അപേക്ഷകളിൽ 2010-ലെയും 2014-ലെയും ലിസ്റ്റുകൾ റദ്ദാക്കിയിരുന്നു. തുടർന്ന് ഒ.പി. (120/2015), ഒ.പി. (കെ.എ.റ്റി) 144/15, 145/15 |

| | | | |
|---|---|---|---|
| | | | നമ്പർ ഹർജികളിൽ ബഹു. ഹൈക്കോടതിയുടെ 11.03.2016-ലെ വിധിന്യായത്തിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് അംഗീകരിച്ചിരുന്നു. ഈ വിധിന്യായത്തിനെതിരെ ബഹു. സുപ്രീം-കോടതി മുമ്പാകെ ഫയൽ ചെയ്യപ്പെട്ട 13785-13786/2016 തുടങ്ങിയ എസ്.എൽ.പി.-കളിലെ 13.05.2016 തീയതിയിലെ ഇടക്കാല ഉത്തരവിൽ നിലവിലെ സ്ഥിതി തുടരുവാൻ ബഹു. സുപ്രീംകോടതി നിർദ്ദേശിച്ചിരിക്കു-കയാണ്. ആയതിനാൽ വിവിധ തസ്തികകളിലെ ഒഴിവുകളിൽ പ്രൊമോഷൻ നടത്താൻ കഴിയാത്ത സ്ഥിതി വകുപ്പിൽ നിലനിൽക്കുകയാണ്. |

**സെക്ഷൻ ഓഫീസർ**